# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 1509

03.12.2018-ൽ മറുപടിക്ക്

### കപ്പൽ പാത സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുടെ ആശങ്ക

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ | | ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഗുജറാത്തിലെ കച്ച് മുതൽ കന്യാകുമാരി വരെയുള്ള കടലിൽ പുതിയതായി കപ്പൽ പാത ആരംഭിക്കുവാനുള്ള നീക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) & (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കടലിൽ അടിക്കടി ഉണ്ടാകുന്ന കപ്പൽ ഇടിച്ചുള്ള ബോട്ടപകടങ്ങളും അതുമൂലമുണ്ടാകുന്ന മരണങ്ങളും മൂലം ഈ കപ്പൽ പാത സംബന്ധിച്ച് മത്സ്യത്തൊഴിലാളികളുടെ ഇടയിൽ ആശങ്ക ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | എങ്കിൽ ഇത് പരിഹരിക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ? | (സി) | മത്സ്യത്തൊഴിലാളികൾ മീൻ പിടിക്കുന്ന കടൽ പ്രദേശത്ത് നിന്ന് കപ്പൽ പാത 50 നോട്ടിക്കൽമൈൽ ദൂരേക്ക് മാറ്റണമെന്ന് കേരള സർക്കാർ കേന്ദ്ര ഗവൺമെന്റിനോട് നിരന്തരം ആവശ്യപ്പെട്ടു വരികയാണ്. ഏറ്റവുമവസാനമായി 2018 നവംബർ 10,11 തീയതികളിൽ കേരളം വിളിച്ചു ചേർത്ത ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഫിഷറീസ് വകുപ്പ് മന്ത്രിമാരുടേയും ഉദ്യോഗസ്ഥരുടേയും യോഗത്തിൽ കേരളം ഈ വിഷയം ശക്തമായി ഉന്നയിക്കുകയുണ്ടായി. അതിന്ശേഷം 22/11/2018 ന് കേന്ദ്ര ഷിപ്പിംഗ് വകുപ്പ് മന്ത്രിക്കും ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിനും വീണ്ടും കത്തെഴുതുകയുണ്ടായി. കേരള തീരത്തു നിന്ന് 50 നോട്ടിക്കൽ മൈലിനപ്പുറത്തേക്ക് നിർദ്ദിഷ്ട കപ്പൽ പാത മാറ്റി സ്ഥാപിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ